WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**28-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. **കർഷക അവാർഡിന് അപേക്ഷ നൽകുവാനുള്ള തീയതി ദീർഘിപ്പിച്ചു**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാനതല കർഷക അവാർഡിനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ ലഭിക്കേണ്ട അവസാന തീയതി 31-07- 2021 വരെ ദീർഘിപ്പിച്ചു. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

2. മാവ്, പ്ലാവ്, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മംഗോസ്റ്റിൻ, കുടംപുളി, ഞാവൽ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിന് ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 18000/- രൂപ എം ഐ ഡി എച്ച് (MIDH) പദ്ധതി പ്രകാരം സബ്സിഡി നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക. .

3. രാഷ്ട്രീയ കൃഷിവികാസ് യോജനയുടെ ഭാഗമായി മണ്ണുത്തി യൂണിവേഴ്സിറ്റി മൃഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന 'ചെറുകിട നാമമാത്ര ഫാമുകളിലെ ആരോഗ്യ പ്രത്യുല്പാദന പരിരക്ഷ പശുക്കളിൽ' എന്ന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിദഗ്ധ വെറ്ററിനറി ഡോക്ടർമാർ ഫാമുകളിൽ എത്തി പശുക്കളുടെ പരിശോധന നടത്തിയ ശേഷം വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതാണ്. താല്പര്യമുള്ള കർഷകർ ഇനിപ്പറയുന്ന ഫോൺ നമ്പരുകളിൽ ഡോ. അജിത്കുമാർ എസ്. 9400322511, ഡോ. ഉഷ നാരായണപിള്ള-9847803271 എന്നിവരെ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

4. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂലൈ 29 ന്) രാവിലെ 11 മണിക്ക് **വളം- കീടനാശിനി കർഷകർ അറിയേണ്ട ചില കാര്യങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ. ബി

28-07-2021

കേരളയുടെ ഫേസ്ബുക്ക് പേജിലൂടെ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – **9383470289**

5. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി ഇന്ന് **ചീര കൃഷിയും പരിപാലന മുറകളും** എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. കാർഷിക സർവ്വകലാശാലയുടെ കാർഷിക വിജ്ഞാന-വിപണന കേന്ദ്രം വേങ്ങേരിയും കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വേങ്ങേരി കർഷക പരിശീലന കേന്ദ്രവും, എ കെ സി മാള, ഉണേരിയും സംയുക്തമായി ഇന്ന് (28 ന്) രാവിലെ 10 :30 ന് "പരിസ്ഥിതി സൗഹൃദ കീട നിയന്ത്രണം-വാഴയിൽ " എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0495-2935850 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

7. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരസംഘത്തിലെ ഭരണസമിതി അംഗങ്ങൾക്കായി ഇന്ന് (28 ന്) രാവിലെ 11 മണിക്ക് **പ്രസിഡന്റ്, ഭരണസമിതി അംഗങ്ങളുടെ ചുമതലകളും കർത്തവ്യങ്ങളും, സെക്ഷൻ 80** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. വിശദ വിവരങ്ങൾക്ക് **9446228368** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. http://meet.google.com/uan-dhid-amw എന്ന ലിങ്ക് വഴി പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

8. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (28 ന്) ശാസ്ത്രീയ **കോഴിവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് meet.google.com/kyy-watc-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**28-07-2021**

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഇന്ന് (28 ന്) **പോത്തുകുട്ടി പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522708** എന്ന വാട്സ് ആപ്പ് നമ്പരിലോ **0484-2631355** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

10. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഇന്ന് (28 ന്) **ഇറച്ചിക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479-2457778** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. **കാർഷിക സർവ്വകലാശാല നൽകുന്ന വിളപരിപാലന നിർദ്ദേശങ്ങൾ - തൃശ്ശൂർ ജില്ല**

മഴ പെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചി, മഞ്ഞൾ എന്നിവയിൽ മൂടുചീയൽ രോഗം വ്യാപിയ്ക്കാതിരിയ്ക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിംങ്ങ് പൌഡറും 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടു കൊടുക്കാവുന്നതാണ്.

12. **വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ**

നനവുള്ള പ്രതലത്തിൽ വളർത്തുന്ന പെണ്ണാടുകളിൽ സ്റ്റഫൈലോകോക്കസ് ബാക്ടീരിയ രോഗബാധ മൂലം അകിടിൽ കുരുപ്പ് കണ്ടു വരുന്നു. ആട്ടിൻ കുട്ടികളിലെ പൊക്കിൾ കൊടി വീക്കം സന്ധി വീക്കം എന്നിവയും വൃത്തിഹീനമായ നനവുള്ള കൂടുകളിൽ വളർത്തുന്നവയിൽ കൂടുതലായി കാണുന്നു. ആയതിനാൽ കൂട്ടിനുള്ളിൽ വെള്ളം കയറാതെയും ഈർപ്പം കൂടാതെയും സൂക്ഷിയ്ക്കുക. ആട്ടിൻ കൂടുകൾ തറ നിരപ്പിൽ നിന്നും ഒന്നു മുതൽ ഒന്നര മീറ്റർ വരെ ഉയരത്തിലായിരിക്കുന്നത് രോഗബാധ ഒഴിവാക്കുവാൻ സഹായകമാകും.